**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2491** | **08-05-2017 ലെ മറുപടി**

## ജല വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.രാജൻ | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജല വിനിയോഗത്തിന്റെ കാര്യക്ഷമത കൂട്ടുന്നതിനായി ജലവിഭവ-കൃഷി വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ജല വിനിയോഗത്തിന്റെ കാര്യക്ഷമത കൂട്ടുന്നതിനായി ജലവിഭവ-കൃഷി വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി കൃഷി സിംചായി യോജന (PMKSY). കൂടുതൽ കൃഷിയിടങ്ങളിൽ ജലസേചനത്തിനുള്ള ജലലഭ്യത ഉറപ്പാക്കുക, ജലത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുകയും അതുവഴി ജലനഷ്ടം കുറയ്ക്കുകയും ചെയ്യുക, സൂക്ഷ്മ ജലസേചനം (Precision Irrigation), Micro Irrigation തുടങ്ങിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, കാർഷിക മേഖലയിലെ എല്ലാ നിക്ഷേപങ്ങളും ഫീൽഡ് ലെവലിൽ ഏകീകരിക്കുക എന്നിവയാണ് കേന്ദ്രഗവൺമെന്റ് സഹായത്തോടെയുള്ള പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. സംസ്ഥാന കൃഷിവകുപ്പാണ് പദ്ധതിയുടെ നോഡൽ ഡിപ്പാർട്ട്മെന്റ്. ജലസേചന വകുപ്പിനു പുറമെ ഭൂജലം, മണ്ണ് സംരക്ഷണം, തദ്ദേശസ്വയംഭരണം, ഗ്രാമ വികസനം തുടങ്ങിയ വകുപ്പുകളും PMKSY പദ്ധതിയുടെ നിർവ്വഹണ നടത്തിപ്പിൽ പങ്കാളികളാണ്. PMKSY പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനവിഹിതമായി 24 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.നടപ്പു സാമ്പത്തിക വർഷം കേന്ദ്രഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കാവുന്നതാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | ജില്ലാതലത്തിൽ കൃഷി വകുപ്പിലെയും ജലസേചന വകുപ്പിലെയും ഉദ്യോഗസ്ഥർ സംയുക്തമായി സ്ഥലപരിശോധന നടത്തി തിരഞ്ഞെടുക്കുന്ന പ്രദേശത്ത് കൃഷി ആവശ്യങ്ങൾക്കുള്ള ജലം എത്തിക്കുന്നതിന് ആവശ്യമായതും ജലസേചന വകുപ്പ് നടപ്പിലാക്കേണ്ടതുമായ പദ്ധതികളാണ് PMKSY ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം ഓരോ ജില്ലയിലും തിരഞ്ഞെടുത്ത പ്രവൃത്തികൾ ഉൾപ്പെട്ട ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ (DIP) തയ്യാറാക്കിയത് PMKSY യുടെ കേന്ദ്ര ജല വകുപ്പിന്റെ Website ൽ upload ചെയ്യുന്ന പ്രവൃത്തി പുരോഗമിച്ച് വരുന്നു. ഇപ്രകാരം തയ്യാറാക്കിയത് DIP യിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ നിന്ന് മുൻഗണന പ്രകാരം ചെയ്യേണ്ടവ തിരഞ്ഞെടുത്ത് അതതു വർഷങ്ങളിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തുകയും അതിന് സ്റ്റേറ്റ് ലവൽ സാങ്ഷനിംഗ് (SLSC) യുടെയും കേന്ദ്ര വകുപ്പിന്റെയും അംഗീകാരം ലഭിച്ചാൽ കേന്ദ്ര ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്യുന്നു. ഇപ്രകാരം 2016-17 ൽ 117.53 കോടി രൂപയ്ക്ക് 289 വർക്കുകളുടെ ആനുവൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി SLSC യുടെ അംഗീകാരം ലഭിച്ച ശേഷം കേന്ദ്ര സർക്കാരിന് സമർപ്പിച്ചുവെങ്കിലും കേന്ദ്രവിഹിതം ലഭിച്ചിരുന്നില്ല. PMKSY പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 24 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**